പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5076 15-11-2019-ലെ മറുപടിയ്ക്ക്

## ഇടുക്കി ജില്ലയിലെ കാർഷികമേഖലയിലുണ്ടായ നാശനഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2018-ലെ പ്രളയത്തിൽ ഇടുക്കി ജില്ലയിലെ കാർഷികമേഖലയിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് വിലയിരുത്തിയിട്ടുള്ളത്; | (എ) | 65,26,62,950/- രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇതുപ്രകാരം എത്ര കോടി രൂപയാണ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്; ആയതിന്റെ വിതരണം പൂർത്തിയായിട്ടുണ്ടോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെ 37,470 കർഷകർക്ക് 26,84,05,174/- രൂപയുടെ സഹായധന വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കൃഷിഭൂമിയ്ക്ക് പട്ടയമില്ലാത്ത കർഷകർക്ക് പ്രളയത്തിലെ നാശനഷ്ടത്തിന് നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ; | (സി) | കൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും കൃഷിനാശവും വിലയിരുത്തി നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 2019-ലെ കാലവർഷത്തെ തുടർന്ന് ഇടുക്കി ജില്ലയിലെ കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള കൃഷി നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 2019-ലെ പ്രളയം മൂലം 7209 കർഷകരുടെ 1668.6046 ഹെക്ടർ സ്ഥലത്ത് 27,91,85,850/- രൂപയുടെ നഷ്ടം വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ